## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T.971 — 25-01-2018 ലെ മറുപടി

## <u>ഹരിത കേരള മിഷൻ</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ടി.എ.അഹമ്മദ് കബീർ | | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പമന്ത്രി) |
| (എ) | ഹരിത കേരള മിഷന്റെ ഭാഗമായി മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഹരിതകേരള മിഷന്റെ ഭാഗമായി മങ്കട നിയോജക മണ്ഡലത്തിലെ ചുവടെ ചേർത്തിരിക്കുന്ന കുളങ്ങളുടെ ഒന്നാംഘട്ട പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>1. മങ്കട പഞ്ചായത്തിലെ അയ്യപ്പൻ കുളം - 2.40 ലക്ഷം<br>2. മങ്കട പഞ്ചായത്തിലെ കല്ലിങ്ങൽ കുളം - 1.00 ലക്ഷം<br>3. പുഴക്കാട്ടിരി പഞ്ചായത്തിലെ എള്ളരികുളം - 1.90 ലക്ഷം<br>4. മൂർക്കനാട് പഞ്ചായത്തിലെ കാളിയാർകുളം - 1.30 ലക്ഷം<br>5. അങ്ങാടിപ്പുറം പഞ്ചായത്തിലെ ചോലക്കുളം - 1.90 ലക്ഷം<br>6. കുട്ടിലങ്ങാടി പഞ്ചായത്തിലെ മേക്കുളം - 2.90 ലക്ഷം<br>ഹരിതകേരളം മിഷന്റെ ഭാഗമായി മങ്കട നിയോജക മണ്ഡലത്തിൽ മണ്ണഴി കിഴക്കേത്തോട് നീർത്തട പദ്ധതി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. 170 ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയിൽ നാളിതുവരെ 136.42 ലക്ഷം രൂപ ചെലവഴിച്ച് 202 മഴക്കുഴികൾ, 131071 മീറ്റർ മൺവരമ്പ്, 101866 മീറ്റർ പുല്ല് വച്ച് പിടിപ്പിക്കൽ, 240 തൈ വച്ച് |

| | | | |
|---|---|---|---|
| | | | പിടിപ്പിക്കൽ, 10706 മീറ്റർ കല്ല് കയ്യാല നിർമ്മാണം, 30 ഔഷധ സസ്യതൈകളുടെ വിതരണം, 2211 മീറ്റർ തോടിന്റെ പാർശ്വസംരക്ഷണം, ഒരു കുളം, 53 തടയണകൾ, 43 ക്രോസ് ചെക്കുകൾ എന്നീ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശപ്രകാരം മങ്കട മണ്ഡലത്തിലെ ചെറുപുഴയുടെ പുനർജ്ജീവനത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി മങ്കട നിയോജക മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായിജലസംരക്ഷണം, ജലസേചന കനാലുകളുടെ പുനരുദ്ധാരണം, പുനരുജ്ജീവനം, വനവൽക്കരണം, ഭൂവികസനം,എന്നീ വിഭാഗങ്ങളിലായി 1.41 കോടി രൂപ അടങ്കൽ തുകയ്ക്ക് 980 പ്രവൃത്തികളും, 521 കിണറുകളുടെ റീചാർജ് പ്രവൃത്തികളും പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഹരിത കേരള മിഷന്റെ ഭാഗമായി ആദ്യഘട്ടത്തിൽ കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിൽ മങ്കട മണ്ഡലത്തിലെ കുളങ്ങൾ മുതലായവ ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ഉണ്ട്.മങ്കട നിയോജക മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി 24 കുളങ്ങൾ, 9 തോടുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്ന പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**